# മതേതരത്വവും
# ദേശീയ
# ഐക്യവും

# മതേതരത്വവും ദേശീയ ഐക്യവും

മതേതരത്വം പല വിധത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. മതേതര രാഷ്ട്രം എന്ന സങ്കല്പം ആദ്യം മുന്നോട്ട് വച്ചത് പതിന്നാലാം നൂറ്റാണ്ടിൽ പാദുവയിലെ മർസിഗ്ളിയോയാണ്. ഡിഫൻസർ പാസിസ് എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പ്രഖ്യാപിക്കുന്നു. ''പൗരാവകാശങ്ങളും മതവിശ്വാസവും പരസ്പരബന്ധിതമല്ല. മതത്തിൻെറ പേരിൽ ഒരു മനുഷ്യനും ശിക്ഷിക്കപ്പെട്ടുംകൂടാ''. നൂറ്റാണ്ടുകളിലൂടെ വേരോടി വികസിച്ച ഒരു ആശയത്തിൻെറ ക്രോഡീകരണം മാത്രമാണ് ഇത്.

ഇരുളടഞ്ഞ മദ്ധ്യയുഗവും ആധുനിക ലോകവും തമ്മിലുള്ള ഏറ്റവും വലിയ വ്യത്യാസങ്ങളിലൊന്ന് ആദ്ധ്യാത്മികതയും മാനവികതയും ഒരു മതത്തിൻെറയും കുത്തകയല്ല എന്ന തിരിച്ചറിയലാണ്.

## മതേതരത്വം ഭരണഘടനയിൽ

വ്യക്തിയും മതവും തമ്മിലും, മതവും മതവും തമ്മിലും, മതവും രാഷ്ട്രവും തമ്മിലുമുണ്ടായിരിക്കേണ്ട അഭികാമ്യ ബന്ധങ്ങളെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ അവബോധത്തിൻെറ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടന മതേതരത്വത്തിലുള്ള പ്രതിബദ്ധത പ്രഖ്യാപിക്കുന്നു. മൗലിക അവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഭരണഘടനയുടെ മൂന്നാം ഭാഗത്തിലെ അനുച്ഛേദം 25 ഏതൊരു മതത്തിലും വിശ്വസിക്കാനും, അനുവർത്തിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം നല്കുന്നു. മതകാര്യങ്ങളുടെ ഭരണനിർവ്വഹണ അവകാശം അനുച്ഛേദം 26 പ്രഖ്യാപിക്കുന്നു. ഏതെങ്കിലും പ്രത്യേക മതത്തിൻെറയോ മത വിഭാഗത്തിൻെറയോ പ്രചരണത്തിനായി യാതൊരു തരത്തിലുമുള്ള കരം നല്കാൻ ആരെയും നിർബ്ബന്ധിച്ചുകൂടാ എന്ന് അനുച്ഛേദം 27 അനുശാസിക്കുന്നു. ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതാരാധനയ്ക്കോ മതാദ്ധ്യയനത്തിനോ പങ്കെടുക്കാ

നുള്ള സ്വാതന്ത്ര്യം അനുഛേദം 28 വ്യവസ്ഥ ചെയ്യുന്നു. 16, 17, 29 എന്നീ അനുഛേദങ്ങൾ തൊഴിൽ കാര്യങ്ങളിൽ സമത്വവും വിവേചനത്തിന് എതിരായ സംരക്ഷണവും ഉറപ്പുതരുന്നു. മത, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം അനുഛേദം 30 പ്രദാനം ചെയ്യുന്നു. അനുഛേദം 325 പ്രത്യേക സാമുദായിക നിയോജക മണ്ഡലങ്ങൾ നിരോധിക്കുന്നു.

മൗലിക കടമകൾ അടങ്ങുന്ന ഭാഗം IV എ 1976-ൽ ഭരണഘടനയിൽ കൂട്ടിച്ചേർക്കപ്പെട്ടു. മത, ഭാഷ, പ്രാദേശിക, വിഭാഗീയ വൈവിദ്ധ്യങ്ങൾക്ക് അതീതമായി എല്ലാ ഭാരതീയരിലും സൗഹാർദ്ദ മനോഭാവവും സാഹോദര്യബോധവും ഊട്ടിവളർത്താനും; സ്ത്രീകളുടെ അന്തസ്സിന് ഹാനികരമായ ആചാരങ്ങൾ ഉപേക്ഷിക്കുവാനും; നമ്മുടെ വൈവിദ്ധ്യമാർന്ന സംസ്ക്കാരത്തിന്റെ സമ്പന്ന പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും സംരക്ഷിക്കാനും; ശാസ്ത്രീയ അവബോധവും മാനവികതയും അന്വേഷണ-പരിഷ്ക്കരണബോധവും വളർത്താനുമുള്ള കടമ അനുഛേദം 51-എ ഓരോ പൗരനിലും നിക്ഷിപ്തമാക്കുന്നു. 1977-ൽ ഭരണഘടനയുടെ മുഖവുര ഭേദഗതി ചെയ്യുകയും മൂലരൂപത്തോട് സോഷ്യലിസ്റ്റ്, മതേതരം എന്നീ വാക്കുകൾ കൂട്ടിച്ചേർത്ത് ഭാരതത്തെ ഒരു പരമാധികാര, സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ളിക്കായി പ്രഖ്യാപിക്കുകയും ചെയ്തു.

---

*"ഭാരതത്തിന്റെ ഐക്യത്തിനാണ് ഞാൻ ഊന്നൽ നല്കുന്നത്. നാം നേടിയ രാഷ്ട്രീയ ഐക്യത്തിൽ മാത്രമല്ല, പിന്നെയോ, കുറേക്കൂടി ആഴത്തിലുള്ള വൈകാരിക ഐക്യത്തിലും, നമ്മുടെ മനസ്സുകളുടെയും ഹൃദയങ്ങളുടെയും ഐക്യത്തിലും വിഭാഗീയ ചിന്താഗതി ഇല്ലായ്മ ചെയ്യുന്നതിലുമത്രേ."*

*—ജവഹർ ലാൽ നെഹ്രു*

---

## വർഗ്ഗീയ പ്രശ്നം

വിഭജനമെന്ന ദുരന്തത്തിനും മഹാത്മ ഗാന്ധിയുടെ രക്ത സാക്ഷിത്വത്തിനും ശേഷം ഇന്ത്യൻ രാഷ്ട്രീയത്തിലെ വർഗ്ഗീയതയുടെ കാലം അസ്തമിച്ചു എന്ന് വിശ്വസിച്ചവരുണ്ട്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വർഗ്ഗീയ പ്രശ്നം വീണ്ടും വീണ്ടും ഉയർന്നുവന്നിട്ടുണ്ട്. വ്യത്യസ്ത സമുദായങ്ങൾ തമ്മിലുള്ള ഉരസലിൽനിന്ന് അക്രമം പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. ഇടക്കിടയ്ക്ക് വളരെ ഗുരുതരമായ സാഹചര്യങ്ങൾ ഉരുത്തിരിഞ്ഞ് വന്നിട്ടുമുണ്ട്. ഒഴിവാക്കാനാവുന്ന തെറ്റിദ്ധാരണകളാണ് ചിലപ്പോൾ ഈ പ്രശ്നങ്ങൾക്ക് കാരണമാകുന്നത്. മതബോധരാഹിത്യവും കുറ്റവാസനയും വ്യക്തിലാഭത്തിനായി അക്രമം അഴിച്ചുവിട്ട അവസരങ്ങളും വിരളമല്ല. ഭാരതത്തിലെ സാധാരണ ജനങ്ങൾ സമാധാനകാംക്ഷികളാണ്. അതാണ് അവരുടെ പ്രകൃതം. നമ്മുടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും പരസ്പര സാഹോദര്യത്തിലും ഐക്യമത്യത്തിലും വിശ്വസിക്കുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, സ്വകാര്യലാഭങ്ങൾക്കായി അന്തരീക്ഷം വിഷമയമാക്കുന്ന ഒരു പിടി അപരാധോത്സുകരും നമ്മുടെ രാജ്യത്തുണ്ട്. ഇത്തരം പ്രവണതകളുടെ ഒരു സന്തതിയാണ് ഭീകര പ്രവർത്തനം.

## രാഷ്ട്രീയവും മതവും

മതത്തെയും രാഷ്ട്രീയത്തെയും വേർതിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അടുത്തകാലത്ത് ഏറെ പരാമർശങ്ങളുണ്ടായിട്ടുണ്ട്. ഈ പ്രശ്നം ബുദ്ധിജീവികളുടെയും രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരുടെയും ശ്രദ്ധപിടിച്ചു പറ്റിയിട്ടുണ്ട്. വിവേകമതികളും ദേശസ്നേഹികളുമായ ആളുകൾ മതത്തെയും രാഷ്ട്രീയത്തെയും വേർപെടുത്തണമെന്ന് പറയുമ്പോൾ അവർ എന്താണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. രാഷ്ട്രീയത്തിൽനിന്ന് വർഗ്ഗീയ അവസരവാദത്തെ ഒഴിച്ചുനിർത്തണം. അത് അത്യന്താപേക്ഷിതമാണ്. എന്നാൽ വർഗ്ഗീയതയെയും മതത്തെയും കൂട്ടിക്കുഴച്ചുകൂടാ. നമ്മുടെ മതേതരത്വ പാരമ്പര്യം നമുക്ക് പറഞ്ഞുതരുന്നത് അതാണ്. നമ്മുടെ

മഹത്തായ മതങ്ങളും അതുതന്നെ ആവശ്യപ്പെടുന്നു. 1924 നവംബർ 27-ലെ ''യുവ ഇന്ത്യയിൽ'' മഹാത്മ ഗാന്ധി ഇങ്ങനെ എഴുതി : ''എന്നെ സംബന്ധിച്ചിടത്തോളം മതമില്ലാതെ രാഷ്ട്രീയമില്ല— അന്ധവിശ്വാസങ്ങളുടെ മതമോ പരസ്പരം വെറുക്കുകയും മല്ലടിക്കുകയും ചെയ്യുന്ന അന്ധമായ മതമോ അല്ല, പ്രത്യുത സഹനത്തിൻെറ സാർവ്വലൗകിക മതമത്രേ ഞാൻ ഉദ്ദേശിക്കുന്നത്. ധാർമ്മികതയില്ലാത്ത രാഷ്ട്രീയം വർജ്ജിക്കേണ്ടതാണ്.''

വ്യക്തിമനസാക്ഷിയുമായി ബന്ധപ്പെട്ട ഒന്നാണ് മതം. സഹജീവികളോടുള്ള ഒരു സമീപനമാണ് അത്. മനുഷ്യൻ തൻെറ ഉള്ളിൻെറയുള്ളിൽ സൂക്ഷിക്കുന്നതും സഹജീവികളോടുള്ള പെരുമാറ്റങ്ങളിൽ പ്രതിഫലിക്കേണ്ടതുമായ പവിത്രമായ ഒരു അനുഭവമാണ് അത്. തനിക്ക് ലഭിക്കണമേയെന്ന് പ്രാർത്ഥിക്കുന്ന സ്നേഹവും പരിഗണനയും സഹജീവികൾക്കും പകർന്നു നല്കുന്നതാണ് അത്. സ്വാർത്ഥലക്ഷ്യങ്ങൾക്കായി ചൂഷണം ചെയ്യാനുള്ള ആരുടെയും സ്വകാര്യസ്വത്തല്ല മതം.

സ്നേഹത്തിൻെറയും സഹാനുഭൂതിയുടെയും മൂർത്തീകരണങ്ങളാണ് എല്ലാ മതങ്ങളുടെയും ആചാര്യന്മാർ. സ്വകാര്യജീവിതത്തിൽ അവർ ഉദാരമതികളായിരുന്നു. എല്ലാ മതങ്ങളെയും ബഹുമാനിക്കാനാണ് അവർ തങ്ങളുടെ അനുയായികളെ പഠിപ്പിച്ചത്.

നിരപരാധികളായ മനുഷ്യരുടെയും പിഞ്ചുകുഞ്ഞുങ്ങളുടെയും നേരെ കൈ ഉയർത്തി ഈ മഹാപുരുഷന്മാരുടെ സ്മരണയെ അപമാനിക്കുന്നത് നിർഭാഗ്യകരമാണ്. കൊലപാതകവും ബലാൽസംഗവും കൊള്ളയും കൊള്ളിവയ്പും ഒരു മതത്തിനും ചേർന്നതല്ല.

മതത്തെയും ഇത്തരം പ്രാകൃതവാസനകളെയും സുബുദ്ധിയുള്ള ഏതെങ്കിലും മനുഷ്യർ ബന്ധിപ്പിക്കുമെന്ന് വിശ്വസിക്കാനാവില്ല. അവ ചിന്താക്കുഴപ്പത്തിൻെറയോ കുറ്റവാസനയുടെയോ സന്തതികളാണെന്ന് തീർച്ച.

വർഗ്ഗീയ കലാപങ്ങൾക്ക് പ്രേരണ നല്കുന്നവരെ നിശ്ശബ്ദരും സമാധാനകാംക്ഷികളുമായ ബഹുഭൂരിപക്ഷം പൗരജനങ്ങൾ ദീർഘകാലമായി സഹിക്കുന്നു. ക്രമസമാധാനനിലയ്ക്ക് ഭംഗം

വരുത്തുന്ന ഓരോ പ്രവൃത്തിയ്ക്കും വില നല്കേണ്ടിവരുന്നത് നിയമങ്ങൾക്ക് കീഴ്വഴങ്ങി ജീവിക്കുന്ന പൗരന്മാരണ്. കൂലിപ്പണിക്കാർക്കും ബിസിനസുകാർക്കും അവരുടെ ജീവിതമാർഗ്ഗം നഷ്ടപ്പെടുന്നു. കുട്ടികൾക്ക് വിദ്യാഭ്യാസം നഷ്ടപ്പെടുന്നു. കുടുംബങ്ങൾക്ക് അനുദിന ജീവിതത്തിന് അത്യന്താപേക്ഷിതമായ അവശ്യവസ്തുക്കൾ ലഭിക്കാതെ പോകുന്നു. നമുക്ക് ഏവർക്കും നഷ്ടംവരുത്തിക്കൊണ്ട് പൊതുമുതൽ നശിപ്പിക്കപ്പെടുന്നു. ആർക്കാണ് ഇവയിൽ നിന്ന് ലാഭം?

ഭാര്യമാർ, അമ്മമാർ, പെൺമക്കൾ-വർഗ്ഗീയ കലാപങ്ങൾകൊണ്ട് അവർക്ക് എന്താണ് നേട്ടം? യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ യാതന അനുഭവിക്കുന്നത് അവരാണ്. വർഗ്ഗീയ കലാപങ്ങൾ കൊണ്ട് വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കും കുട്ടികൾക്കും എന്താണ് നേട്ടം? ക്രമസമാധാനനില തകരുമ്പോഴെല്ലാം അവരുടെ വിദ്യാഭ്യാസവും, വിനോദവും, എന്തിന് അവരുടെ ഭക്ഷണം പോലും തടസ്സപ്പെടുന്നു. സാമ്പത്തിക പ്രവർത്തനങ്ങൾ തടസ്സപ്പെടുമ്പോഴെല്ലാം കൂലിപ്പണിക്കാർക്കും വ്യാപാരികൾക്കും ബിസിനസുകാർക്കും അവരുടെ ജീവിതമാർഗ്ഗമാണ് നഷ്ടപ്പെടുന്നത്. ഏറ്റവും കൂടുതൽ കെടുതികൾ അനുഭവിക്കേണ്ടിവരുന്നത് ദരിദ്രർക്കാണ് എന്നതിൽ സംശയമില്ല.

ഹൈന്ദവമതം, ഇസ്ളാം, ക്രിസ്തുമതം, സിഖ്മതം—വഴി തെറ്റിയ സാമൂഹ്യവിരുദ്ധ ശക്തികൾ തെരുവിലിറങ്ങുമ്പോൾ ഇവയിൽ ഏതൊരു മതത്തിനാണ് ബഹുമാന്യത വർദ്ധിക്കുന്നത്? ഏതൊരു മതത്തിനാണ് അനുയായികൾ വർദ്ധിക്കുന്നത്?

എല്ലാ പൗരന്മാരുടെയും എല്ലാ ദിവസത്തേയും എല്ലാ പ്രവർത്തനങ്ങളിൽകൂടിയും ഊട്ടി വളർത്തപ്പെടേണ്ട ഒന്നാണ് ഇന്ത്യൻ സാഹചര്യത്തിൽ മതേതരത്വം. ഇത് നമ്മുടെ രാജ്യത്തിനുമാത്രം ബാധകമായ ഒന്നല്ല. ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും ജനങ്ങൾക്കുമായി അതിൽ ഒരു സന്ദേശം അടങ്ങിയിട്ടുണ്ട്. മെച്ചപ്പെട്ട ഒരു ഭാവിയിലേക്ക് മാനവ സമുദായത്തിന് പാത കാട്ടിത്തരുന്ന ഒരു സന്ദേശം.

**അവർ പറഞ്ഞു ...**

"രാഷ്ട്രങ്ങൾക്കുള്ളിൽ, വ്യക്തികളും സമൂഹങ്ങളും തമ്മിൽ

സമാധാനം നാം ആഗ്രഹിക്കുന്നു. ഇവയെല്ലാം പരസ്പര ബന്ധിതമാണ്. ഗിരിപ്രഭാഷണത്തിൻെറ സാരാംശവും ബുദ്ധ ൻെറ ദീനാനുകമ്പാ ദർശനവും ഹൈന്ദവ മതത്തിൻെറ അഹിംസാ സങ്കല്പവും ഈശ്വരേഷ്ടം അനുസരിക്കുന്നതിൽ ഇസ്ളാംമതം പ്രകടിപ്പിക്കുന്ന തീഷ്ണതയും സമന്വയിപ്പിക്കാൻ കഴിഞ്ഞാൽ ലോകസമാധാനത്തിനുതകുന്ന ഒരു പ്രബല സ്വാധീനം വളർത്തിയെടുക്കുന്നതിൽ നാം വിജയിക്കും.''

*—ഡോ. സക്കീർ ഹുസൈൻ*

''ലോകംമുഴുവൻ ഒരു മതം സ്വീകരിക്കപ്പെടുകയില്ല. എന്നാൽ എല്ലാ മതങ്ങളെയും ബഹുമാനപൂർവ്വം വേണം വീക്ഷിക്കാൻ. നമ്മുടെ രാജ്യത്തിൻെറ ഐക്യം നമുക്ക് കാത്തുസൂക്ഷിക്കേണ്ട തുണ്ട്. ഹിന്ദു-സിഖ് ഐക്യത്തെപ്പറ്റിയോ ഹിന്ദു-മുസ്ളീം ഐക്യത്തിപ്പറ്റിയോ പറയുമ്പോൾ അവ വ്യത്യസ്തങ്ങളാണ് എന്ന തോന്നൽ ഉളവാക്കരുത്. നാം വ്യത്യസ്തരല്ല. നമ്മുടെ രാജ്യത്തെ ഹിന്ദുസ്ഥാൻ എന്നുവിളിക്കുന്നെങ്കിൽ നാമെല്ലാ വരും ഹിന്ദുസ്ഥാനികളാണ്, ഇൻഡ്യ എന്ന് വിളിക്കുന്നെ ങ്കിൽ നാമെല്ലാവരും ഇൻഡ്യക്കാരും. നമ്മുടേത് ഒരു ഹിന്ദു രാഷ്ട്രമോ, മുസ്ളീം രാഷ്ട്രമോ, സിഖ് രാഷ്ട്രമോ അല്ല. അത് ഒരൊറ്റ ഇൻഡ്യയാണ്. രാഷ്ട്രം എന്ന വാക്കിന് ഒരു സമൂഹമെന്നും അർത്ഥമുണ്ട്. അത് കുറേക്കൂടി വലിച്ചുനീട്ടി ഒരു 'കൗം' (ഒരു സമുദായം) എന്ന് വ്യാഖ്യാനിക്കപ്പെടാറുണ്ട്. ആ വാക്കിന് ഇപ്പോൾ നമ്മുടെ രാജ്യത്ത് നല്ല പ്രചാരമാണ്. വിവിധ സമുദായങ്ങളുടെ യോഗങ്ങളിൽ അത് പരാമർശിക്കപ്പെടുന്നത് ഞാൻ കേട്ടിട്ടുണ്ട്.

*—ഗ്യാനി സെയിൽ സിംഗ്*

''ലഹളകളും അക്രമങ്ങളും നമ്മെ പിടിച്ചുകുലുക്കിയിട്ടുണ്ട്. എന്നാൽ നമ്മുടെ വൈകാരിക ഐക്യമാണ് നമ്മുടെ ഏറ്റവും വലിയ ശക്തി എന്നത് നാം മറന്നു കളയരുത്. അത് ബലഹീന മാക്കാൻ നാം അനുവദിക്കുകയില്ല. ഒരു തുണ്ടു കടലാസിലുള്ള ഭൂപടമല്ല ഒരു രാഷ്ട്രം. ജനഹൃദയങ്ങളിലാണ് അത് കുടി കൊള്ളുന്നത്. ജനഹൃദയങ്ങൾ വിഭജിക്കപ്പെട്ടാൽ രാഷ്ട്രവും

വിഭജിക്കപ്പെടും. അത് സംഭവിക്കാൻ നാം അനുവദിക്കില്ല.

*—വി.പി. സിംഗ്*

"നമ്മുടെ സമൂഹത്തെ താങ്ങിനിർത്തുന്ന മുഖ്യസ്തംഭങ്ങളിൽ ഒന്നാണ് മതേതരത്വം. മതങ്ങളുടെ അഭാവമല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്, മറിച്ച് എല്ലാ മതങ്ങൾക്കും തുല്യബഹുമാനം എന്നാണ്. നമ്മുടേതുപോലെയുള്ള ഒരു ബഹുമത സമൂഹത്തിൽ ഇത് ഒരു അനിവാര്യതയാണ്."

*—ഇന്ദിരാ ഗാന്ധി*

"നമ്മുടെ ഐക്യത്തിന്റെ അടിസ്ഥാനം മതേതരത്വമാണ്. വർഗ്ഗീയതയും മറ്റ് സങ്കുചിത കൂറുകളും ഐക്യവുമായി ചേർന്നു പോവില്ല. സംശയത്തിനും അരക്ഷിതത്വത്തിനും വളം വെയ്ക്കുന്ന വർഗ്ഗീയതയ്ക്ക് എതിരെ നാം പോരാടണം. അക്രമത്തിന്റെ നിവാരണത്തിനും അടിച്ചമർത്തലിനും അപ്പുറത്തേക്ക് നാം പോകേണ്ടിയിരിക്കുന്നു. വെറുപ്പും വിദ്വേഷവും മുളപൊട്ടുകയും വളരുകയും ചെയ്യുന്ന മനസ്സുകളെ നാം ചികിത്സിച്ചു ഭേദമാക്കണം. ഐക്യപ്രചരണം ഓരോ ഗ്രാമത്തിലും നഗരത്തിലെ ഓരോ തെരുവിലും നാം കൊണ്ടെത്തിക്കണം. നമ്മുടെ പാഠശാലകളിലും സർവ്വകലാശാലകളിലും ജോലിസ്ഥലങ്ങളിലും മാദ്ധ്യമങ്ങളിലുംകൂടി നാം വർഗ്ഗീയതയ്ക്ക് എതിരായ സൈദ്ധാന്തിക പോരാട്ടം നടത്തണം."

*—രാജീവ് ഗാന്ധി*

"മതം സേവനത്തിലും സ്നേഹത്തിലും, സഹാനുഭൂതിയിലും ആത്മാഭിമാനത്തിലും മാനവികതയോടുള്ള ബഹുമാനത്തിലും കൂടി എല്ലാവർക്കും ശക്തിയും ജീവനും സന്തോഷവും പകരുന്നു.

*—രവീന്ദ്രനാഥ ടാഗോർ*

davp

Designed and produced by the Directorate of Advertising and Visual Publicity, Ministry of Information and Broadcasting, Govt. of India and printed at Headway Lithographic Co., Calcutta-700 054

No. 2/7/91-PPIV Malayalam 30,000 Aug. '91